LIBRARY ARCHIVES Kerala Legislative Assembly

എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ

48 (415) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു:

1. കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിനും ഊർജ്ജ സംരക്ഷണത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
2. വിതരണമേഖലയിലെ ഊർജ്ജസംരക്ഷണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.
3. വൈദ്യുതി ബോർഡിലെ യോഗ്യതയുള്ള ഓഡിറ്റർമാരേയും മാനേജർ മാരേയും സഹകരിപ്പിച്ച് എനർജി ഓഡിറ്റുകൾ നടത്തുക.
4. പവർ സിസ്റ്റത്തിന്റെ നിലവാരം ഉയർത്തി സമൂഹത്തിന് ഗുണകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക.
5. പവർ സിസ്റ്റത്തിന്റെ കാര്യക്ഷമതയ്ക്കായി ഗവേഷണങ്ങൾ നടത്തി നവീനമായ ആശയങ്ങൾ കണ്ടെത്തുകയും, നയങ്ങൾ, നിബന്ധനകൾ, നിയമങ്ങൾ എന്നിവ രൂപീകരിക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്യുക.

6. കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിന് പൊതുജനങ്ങളേയും സന്നദ്ധ സംഘടനകളേയും, ഉദ്യോഗസ്ഥരേയും, വിദ്യാഭ്യാസ സർക്കാർ സ്ഥാപനങ്ങളെയും ബോധവത്കരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

7. ഖനിജ ഇന്ധനത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിലൂടെ ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നത് സംബന്ധിച്ച് ബോധവത്കരണം നടത്തുക.

8. നാഷണൽ മിഷൻ ഓൺ എൻഹാൻസ്ഡ് എനർജി എഫിഷ്യൻസി (NMEEE)-യുടെ നിർദ്ദേശങ്ങൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുക.

(സി) 'എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്)'-ന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്യുന്നു.

വിവിധ മേഖലയിലുള്ള ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജസംരക്ഷണം നടത്തുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങളും മറ്റ് സഹായങ്ങളും നല്കിവരുന്നു. ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നു. വൈദ്യുതി പാഴാകുന്ന മേഖലകൾ കണ്ടെത്തി അത് തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഐസ് പ്ലാന്റുകളിൽ ഊർജ്ജം പാഴാകുന്നത് തടയുന്നതിനായി എസ്കോ ടീം കണ്ടെത്തിയ ഒരു പദ്ധതി കേരളത്തിലെ വിവിധ ജില്ലകളിൽ നടപ്പാക്കിവരുന്നു.

കാർഷിക മേഖലയിൽ പഴയ 'പെട്ടി-പമ്പ്' സമ്പ്രദായത്തിനുപകരം പുതിയ പമ്പിംഗ് സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രാരംഭഘട്ടം പൂർത്തിയായിക്കഴിഞ്ഞു. ഇതിനകം 11 പാടശേഖരങ്ങളിൽ വിവിധ ജില്ലകളിലായി (ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം) ഇത് നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാർ ആശുപത്രികളിലെ ഊർജ്ജ നഷ്ടം ഒഴിവാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ അഞ്ച് ജില്ലാ ആശുപത്രികളിൽ ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും, ഫാനുകളും നവംബർ 2015-ൽ സ്ഥാപിക്കുകയുണ്ടായി. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും, വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനും മെച്ചപ്പെട്ട വൈദ്യുതി നൽകുന്നതിനും സഹായകമാകുന്ന എച്ച്.വി.ഡി.എസ്. (ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly